# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2355** — **18.03.2015-ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗ സങ്കേതങ്ങൾക്കായി പദ്ധതി

**ചോദ്യം**
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.വർക്കല കഹാർ

**മറുപടി**
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സാംസ്കാരിക മൂല്യങ്ങളും പ്രവർത്തനങ്ങളും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുവാൻ എന്തെല്ലാം കാര്യങ്ങളാണ് പട്ടികവർഗ്ഗ സങ്കേതങ്ങൾക്കായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | എ) | പട്ടികവർഗ്ഗ പ്രദേശങ്ങളിലെ പ്രത്യേക സാമൂഹ്യ സാമ്പത്തിക വികസനത്തെ കേന്ദ്രീകരിച്ചും അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിയും തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സാംസ്കാരിക മൂല്യങ്ങളും പ്രവർത്തനങ്ങളും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പട്ടികവർഗ്ഗ ജന വിഭാഗത്തിന്റെ സാംസ്കാരിക തനിമയിൽ ഇടപെടാതെയുള്ള സമഗ്ര വികസനമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. തെരഞ്ഞെടുത്ത കോളനികളുടെ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, കുടിവെള്ളം, വൈദ്യുതീകരണം, ഭവന നിർമ്മാണം, പുനരുദ്ധാരണം, കാർഷിക വികസനം, നൈപുണ്യ വികസനം, ജീവനോപാധി പ്രവർത്തനങ്ങൾ, നടപ്പാതകൾ, അംഗൻവാടി, കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ബി) | പട്ടികവർഗ്ഗ മേഖലകളുടെ സുസ്ഥിര വികസന പദ്ധതി നടത്തിപ്പിനായി സംസ്ഥാന തലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയും ജില്ലാ തലത്തിൽ ജില്ലാകളക്ടർമാർ അദ്ധ്യക്ഷരായിട്ടുള്ള എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലങ്ങളിൽ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതും നിർവ്വഹണ ഏജൻസികളെ തെരഞ്ഞെ ടുക്കുന്നതും ജില്ലാ കളക്ടർമാരാണ്. പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വീഡിയോ കോൺഫറൻസിലൂടെയും മറ്റും ബഹു.പട്ടിക വർഗ്ഗ വികസന വകുപ്പ് മന്ത്രിയും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും വിലയിരുത്തുന്നുണ്ട്. തെരഞ്ഞെടുത്ത കോളനികളുടെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അഞ്ചുകോടി രൂപാ വീതം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ